*Celebrating Extraordinary Missionary Month October 2019…*

**Wednesday, 23 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ഏഴാം ബുധൻ

Mt 25:14-30

താലന്തിന്റെ ഉപമ

Fr. Winson Moyalan CMI

യേശു പറയുന്ന പല ഉപമകളുടേയും ലക്ഷ്യം ഫരിസേയരും നിയമജ്ഞരുമാണ്. എന്നാൽ താലന്തുകളുടെ ഉപമ തന്റെ ശിഷ്യഗണത്തേയും, തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവരേയും ലക്ഷ്യം വച്ചു കൊണ്ടുള്ളതാണ്. ഒന്നാമത്തേയും രണ്ടാമത്തേയും ഭൃത്യന്മാർ വിശ്വസ്തതാപൂർവ്വം പ്രവർത്തിച്ചതിനാൽ അവരെ നല്ലവരെന്ന് വിളിച്ച് അഭിനന്ദിക്കുന്നു (21-23). താലന്ത് കുഴിച്ചു വച്ച മൂന്നാമന് യജമാനന്റെ പ്രതീക്ഷയ്ക്കൊത്തുയരാനായില്ല.

ക്രിയാത്മകമായി പ്രവർത്തിക്കാൻ കഴിയാതെ, കുറേ നിയമങ്ങളും, അച്ചടിച്ച പ്രാർത്ഥനകളും കൊണ്ട് തൃപ്തിയടയുന്നവരാകരുത് നാം. ഭയം കൂടാതെ ദൈവകൃപയോട് (താലന്ത്) ചേർന്നു നിന്ന് ഫലം പുറപ്പെടുക്കേണ്ടവരാണ് നാം. ഉത്തരവാദിത്വം ഏറ്റെടുക്കാതെ സ്വന്തം താല്പര്യങ്ങളിൽ മുഴുകി ജീവിച്ച മൂന്നാമൻ അലസനായ ഒരു ക്രിസ്ത്യാനിയെ സൂചിപ്പിക്കുന്നു.

താലന്തുകളാകുന്ന ദൈവകൃപകൾ പങ്കുവയ്ക്കപ്പെടാനുള്ളതാണ്. നമ്മുടെ ബുദ്ധി, ആരോഗ്യം, അറിവ്, സമ്പത്ത് തുടങ്ങിയവയെല്ലാം ദൈവീക ദാനങ്ങളാണ്. പങ്കുവയ്ക്കപ്പെടുമ്പോഴാണ് അവ സമൃദ്ധമായി വർദ്ധിക്കുന്നതും, ദൈവത്തിന്റെ മുമ്പിൽ അഭിനന്ദനീയമാകുന്നതും. അങ്ങനെ പ്രവർത്തിക്കുന്നവർക്ക് അമർത്തി കുലുക്കി വീണ്ടും വീണ്ടും ദൈവം നിറച്ചളന്ന് നല്കും.

*Published by*
CMI General Department of Evangelization and Pastoral Ministry